# Sree Sankaracharya University of Sanskrit, Kalady

**(A Statutory Educational Institution Constituted by Government of Kerala)**
**Reaccredited by NAAC with ‘A+’Grade**
**Kalady P.O., Ernakulam (Dist), Kerala – 683 574**
**Phone: 0484-2463380, 9446061639, E-mail: reg@ssus.ac.in, Website: www.ssus.ac.in**


തീയതി : 05.11.2022

## പ്രസിദ്ധീകരണത്തിന്

**(എല്ലാ എഡിഷനുകളിലേയ്ക്കും)**

### 1) സംസ്കൃത സർവ്വകലാശാല പിഎച്ച്. ഡി. പ്രവേശന പരീക്ഷഃ 15 മുതൽ 18 വരെ

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിലേയ്ക്കുള്ള പിഎച്ച്.ഡി. പ്രവേശന പരീക്ഷകൾ നവംബർ 15 മുതൽ 18 വരെ നടക്കുമെന്ന് സർവ്വകലാശാല അറിയിച്ചു. ഹിന്ദി, ഇംഗ്ലീഷ്, മലയാളം, ഫിലോസഫി, ഹിസ്റ്ററി, മോഹിനിയാട്ടം, സോഷ്യോളജി, മ്യൂസിക്, സോഷ്യൽവർക്ക്, ഉർദ്ദു, സംസ്കൃതം വേദിക് സ്റ്റഡീസ്, സൈക്കോളജി, ജ്യോഗ്രഫി, തിയറ്റർ വിഭാഗങ്ങളിലേയ്ക്കുള്ള പ്രവേശന പരീക്ഷകൾ നവംബർ 15 ന് രാവിലെ 10 ന് ആരംഭിക്കും. ഹാൾടിക്കറ്റുകൾ നവംബർ ഏഴ് മുതൽ സർവ്വകലാശാല വെബ്സൈറ്റുകളിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. സംസ്കൃതം സാഹിത്യം (നവംബർ 15 ഉച്ചകഴിഞ്ഞ് രണ്ടിന്), സംസ്കൃതം വ്യാകരണം (നവംബർ 16 ന് രാവിലെ 10 ന്), സംസ്കൃതം വേദാന്തം (നവംബർ 16 രാവിലെ 10 ന്), സംസ്കൃതം ന്യായം (നവംബർ 17 ന് രാവിലെ 10 ന്), സംസ്കൃതം ജനറൽ (നവംബർ 17 ന് ഉച്ചകഴിഞ്ഞ് രണ്ടിന്), മാനുസ്ക്രിപ്റ്റോളജി, കംപാരറ്റീവ് ലിറ്ററേച്ചർ (നവംബർ 18 ന് രാവിലെ 10 ന്), ട്രാൻസലേഷൻ സ്റ്റഡീസ് (നവംബർ 18 ന് ഉച്ചകഴിഞ്ഞ് രണ്ടിന്) എന്നിങ്ങനെയാണ് മറ്റ് പരീക്ഷകൾ നടക്കുക. നവംബർ 21 ന് പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയവരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കും. യോഗ്യരായവർ അതത് വകുപ്പ് അധ്യക്ഷർക്ക് റിസർച്ച് പ്രപ്പോസൽ സമർപ്പിക്കേണ്ട അവസാന തീയതി നവംബർ 24. ഡിസംബർ 15 ന് പിഎച്ച്.ഡി. ക്ലാസുകൾ ആരംഭിക്കും.

### 2) സംസ്കൃത സർവ്വകലാശാലഃ ഒന്നാം സെമസ്റ്റർ എം.ഫിൽ (റീ–അപ്പീയറൻസ്) പരീക്ഷകൾ അവസാന തീയതി നവംബർ 16

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ ഒന്നാം സെമസ്റ്റർ എം. ഫിൽ. (റീ-അപ്പീയറൻസ്) പരീക്ഷകൾക്ക് അപേക്ഷിക്കുവാനുള്ള അവസാന തീയതി നവംബർ 16 ആണെന്ന് സർവ്വകലാശാല അറിയിച്ചു. ഫൈനോട് കൂടി നവംബർ 23 വരെയും സൂപ്പർ ഫൈനോടെ നവംബർ 30 വരെയും അപേക്ഷകൾ സ്വീകരിക്കും. യു. ജി. സി. ഉത്തരവ് പ്രകാരം 2021 പ്രവേശനത്തോടെ എം. ഫിൽ. കോഴ്സ് സംസ്കൃത സർവ്വകലാശാലയിൽ നിർത്തലാക്കിയിരിക്കുകയാണ്. 2017 പ്രവേശനം മുതൽ എം. ഫിൽ. പഠിച്ച് വിജയിക്കാത്തവർക്ക് ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്.


**ജലീഷ് പീറ്റർ**
**പബ്ലിക് റിലേഷൻസ് ഓഫീസർ**
**ഫോൺ നം. 9447123075**